## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *374 16.03.2017 -ലെ മറുപടിയ്ക്ക്

### പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരണത്തിനായുള്ള നിയമം

**ചോദ്യം**

ശ്രീ.ഇ.പി. ജയരാജൻ

ശ്രീ. പി.കെ. ശശി

ശ്രീ.കെ.വി. വിജയദാസ്

ശ്രീ. ജോൺ ഫെർണാണ്ടസ്

**മറുപടി**

മാത്യു ടി. തോമസ്

(ജലവിഭവ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | പ്ലാച്ചിമടയിൽ, കൊക്കകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) യും ബി) യും സി) യും | 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി 'The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011'-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| ബി) | പ്രസ്തുത ആവശ്യത്തിനായി, മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് നിയമസഭ ഐകകണ്ഠേന പാസാക്കിയ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരണത്തിനായുള്ള നിയമം കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരികെ അയച്ചത് ബഹു:രാഷ്ട്രപതിക്കു സമർപ്പിക്കാതെയായിരുന്നോ; ആണെങ്കിൽ കാരണം എന്താണെന്നാണ് അറിയിച്ചിരിക്കുന്നത്; | | |
| സി) | ഇക്കാര്യത്തിൽ എന്തു തുടർ നടപടി സാധ്യമാകുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ